**കേരള സർക്കാർ**

**പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്**

**നം.43588/എസ്.ഡി.2/15/പൊ.ഭ.വ.      തിരുവനന്തപുരം, തീയതി, 24.07.2015**

# സർക്കുലർ

വിഷയം: പൊ.ഭ.വ. - ദേശീയോദ്ഗ്രഥനവും മത സൗഹാർദ്ദവും - 2015-16 വർഷം സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഉപന്യാസ മത്സരം നടത്തുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നം. 349/98/ജി.എ.ഡി. തീയതി 14.05.1998.

ദേശീയോദ്ഗ്രഥനവും മതസൗഹാർദ്ദവും പരിപോഷിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ്/യൂണിവേഴ്സിറ്റി തലങ്ങളിലുള്ള വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്തതനുസരിച്ച് ഉപന്യാസ മത്സരം 1998-99 മുതൽ സംസ്ഥാനത്തു സംഘടിപ്പിച്ചുവരികയാണ്. സൂചനയിലെ സർക്കാർ ഉത്തരവു പ്രകാരം ഈ പരിപാടിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഒരു സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. 16.07.2015-ൽ കൂടിയ പ്രസ്തുത സമിതിയുടെ യോഗ തീരുമാനത്തിന്റെ വെളിച്ചത്തിൽ 2015-16 വർഷത്തിൽ ഈ ഉപന്യാസ മത്സര പരിപാടിയുടെ സുഗമമായ നടത്തിപ്പിലേക്കായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഈ പരിപാടിയുടെ ജില്ലാതല നടത്തിപ്പിനായി മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ജില്ലാതല സമിതികൾക്ക് ജില്ലാ കളക്ടർമാർ രൂപം നൽകേണ്ടതാണ്.

2. ദേശീയോദ്ഗ്രഥനവും മതസൗഹാർദ്ദവുമായി ബന്ധപ്പെട്ട ഒരു വിഷയം ഈ മത്സരങ്ങൾക്കായി തീരുമാനിക്കേണ്ടതാണ്.

എ) കോളേജ്/യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായുള്ള സംസ്ഥാനതല മത്സരത്തിനുള്ള വിഷയം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുമായും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുമായും കൂടിയാലോചിച്ചു തീരുമാനിക്കേണ്ടതാണ്.

ബി) സ്കൂൾ കുട്ടികൾക്കായുള്ള ജില്ലാതല മത്സരങ്ങളുടെ വിഷയം ജില്ലാതല സമിതികൾ തീരുമാനിക്കേണ്ടതാണ്.

3. ജില്ലാ കളക്ടർമാർ വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഉപന്യാസ മത്സരങ്ങൾ വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിൽ നടത്താവുന്നതാണ്. ഇതിനുള്ള സ്ഥലം (venue) ജില്ലാ വിദ്യാഭ്യാസ ഓഫീസർ/കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുമായി കൂടിയാലോചിച്ച് കളക്ടർ തീരുമാനിക്കേണ്ടതാണ്.

4. 9-ാം ക്ലാസ് മുതൽ +2 വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് ജില്ലാതല മത്സരങ്ങളിലും കോളേജ്/യൂണിവേഴ്സിറ്റി (പ്രൊഫഷണൽ കോളേജ് ഉൾപ്പെടെ) വിദ്യാർത്ഥികൾക്ക് സംസ്ഥാനതല മത്സരങ്ങളിലും പങ്കെടുക്കാവുന്നതാണ്.

5. വിദ്യാർത്ഥികൾ ഉപന്യാസ രചന മലയാള ഭാഷയിൽ മാത്രം നടത്തേണ്ടതാണ്.

6. സംസ്ഥാന/ജില്ലാതല ഉപന്യാസ മത്സരങ്ങൾ എല്ലാ സെന്ററുകളിലും **2015 ഓഗസ്റ്റ് 15-ന്** നടത്തേണ്ടതാണ്. അവരവർ പഠിക്കുന്ന സ്കൂൾ/ കോളേജുകളിൽ നിന്നുമുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ് സഹിതം വരുന്ന എല്ലാ വിദ്യർത്ഥികൾക്കും ഉപന്യാസ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

7. ഉപന്യാസ മത്സര പരിപാടി സംബന്ധിച്ച് അതാതു ജില്ലാ കളക്ടർമാർ മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രസിദ്ധീകരണം നൽകേണ്ടതാണ്.

8. ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുമായി ആലോചിച്ച് ജില്ലാ കളക്ടർ തയ്യാറാക്കുന്ന ജഡ്ജിമാരുടെ പാനൽ, സ്കൂൾ കുട്ടികൾക്കുള്ള ജില്ലാതല മത്സരങ്ങളുടെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

9. വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ നടത്തുന്ന മത്സര ഉപന്യാസങ്ങൾ ബന്ധപ്പെട്ട ഡി.ഇ.ഒ. ശേഖരിച്ച് മുദ്രവച്ച കവറിൽ സുരക്ഷിതമായി മൂല്യ നിർണ്ണയത്തിന് അതാത് ജില്ലാകളക്ടർമാർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്.

10. കോളേജ്/യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായുള്ള സംസ്ഥാനതല ഉപന്യാസങ്ങൾ ജില്ലാ കളക്ടർമാർ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് സുരക്ഷിതമായി മുദ്ര വച്ച കവറിൽ മൂല്യ നിർണ്ണയത്തിനായി അയച്ചു കൊടുക്കേണ്ടതും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കുന്ന ജഡ്ജിമാരുടെ പാനൽ ഈ ഉപന്യാസങ്ങളുടെ മൂല്യനിർണ്ണയം നടത്തേണ്ടതുമാണ്.

11. സംസ്ഥാന/ജില്ലാ മത്സരങ്ങളുടെ മൂല്യനിർണ്ണയം **2015 സെപ്റ്റംബർ 15** ന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

12. വിജയികളുടെ പേരുവിവരം **2015 ഒക്ടോബർ 2-ന്** ബന്ധപ്പെട്ട ജില്ലാകളക്ടർമാരും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും പ്രഖ്യാപിക്കേണ്ടതാണ്.

13. ഉപന്യാസ മത്സര വിജയികൾക്ക് താഴെപ്പറയുന്ന ക്രമത്തിൽ സമ്മാനം നൽകുന്നതാണ്.

| **മത്സരങ്ങൾ** | **ഒന്നാം സമ്മാനം രൂപ** | **രണ്ടാം സമ്മാനം രൂപ** | **മൂന്നാം സമ്മാനം രൂപ** |
|---|---|---|---|
| എ) സ്കൂൾ തലം (ജില്ലാടിസ്ഥാത്തിൽ) | **1000/-** | **600/-** | **400/-** |
| ബി) കോളേജ്/യൂണിവേഴ്സിറ്റി തലം (സംസ്ഥാനാടിസ്ഥാനത്തിൽ) | **5000/-** | **3000/-** | **2000/-** |

14. സംസ്ഥാന/ജില്ലാതല മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ റിപ്പബ്ലിക് ദിനമായ **26.01.2016** -ൽ വിതരണം ചെയ്യേണ്ടതാണ്.

15. മത്സരത്തിന്റെ ചെലവിനെ സംബന്ധിക്കുന്ന കണക്കുകൾ (നിർദ്ദിഷ്ട ഫോറത്തിൽ) എല്ലാ ജില്ലാ കളക്ടർമാരും കോളേജ് വിദ്യാഭ്യാസ ഡയറക്ടറും **2015**

**ഒക്ടോബർ 20 -ാം** തീയതിക്കു മുമ്പായി പൊതുഭരണ (സർവീസസ് ഡി) വകുപ്പ് അഡീഷണൽ സെക്രട്ടറിയ്ക്ക് അയയ്ക്കേണ്ടതാണ്.

16. സമ്മാനാർഹമായ ഉപന്യാസങ്ങൾ സർക്കാരിലേയ്ക്ക് അയച്ചു തരേണ്ടതില്ല. അതിനുപകരം അവ പ്രാദേശിക പത്രങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതിന് കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്. കോളേജ്/യൂണിവേഴ്സിറ്റിതല മത്സരങ്ങളിലെ സമ്മാനാർഹമായ ലേഖനങ്ങൾ ക്രോഡീകരിച്ച് പുസ്തക രൂപത്തിലാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

17. 2005-06 മുതലുള്ള വർഷങ്ങളിലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കാത്തതിനാൽ ഗവൺമെന്റ് ഓഫ് ഇന്ത്യ ഫണ്ട് റിലീസ് ചെയ്തിട്ടില്ല. അതിനാൽ 2005-06 മുതൽ തുടർന്നുള്ള വർഷങ്ങളിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്/എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അയച്ചുതന്നിട്ടില്ലാത്ത ജില്ലാ കളക്ടർമാർ ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനും, 2004-05 വർഷത്തിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഗവൺമെന്റിൽ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതും ആയത് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ടി സർട്ടിഫിക്കറ്റിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി കളും സ്വീകരിക്കേണ്ടതാണ്.

മേൽ പ്രസ്താവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ അധികാരികളും കർശനമായി പാലിക്കേണ്ടതും മത്സരങ്ങളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

**അനിത ദാമോദരൻ**
**അഡീഷണൽ സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം.

എല്ലാ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt. No. Acd C1/36887/15/HSE Dated: 12/8/15

The Regional Deputy Directors and Principals of all Higher Secondary Schools are directed to take further necessary steps in this matter

12/8/15

JOINT DIRECTOR
(ACADEMIC)

1. The RDDs
2. The Principals of all HSSs
3. SF/FC

DIRECTORATE OF HIGHER SECONDARY EDUCATION
Thiruvananthapuram
Date.